പഞ്ചായത്തുകൾ

* 664. [9] ശ്രീ. ടി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു തിരഞ്ഞെടുപ്പു കഴിഞ്ഞു പുതിയ പദ്ധതിയനുസരിച്ചു പഞ്ചായത്തുരാജിന്റെ പ്രവർത്തനം തുടങ്ങുമ്പോൾ മുൻപുണ്ടായിരുന്നതരം ക്ലാസുകൾ നിലനിൽക്കുമോ ;

(ബി) 1, 2, 3 എന്നീ ക്ലാസുകളെ പുനഃപരിശോധന നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പുനഃപരശോധന നടത്തുവാൻവേണ്ട നിർദ്ദേശം കൊടുക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) നിലനിൽക്കും.

(ബി) ഇല്ല.

(സി) ആലോചിക്കാം.

ശ്രീ. ടി. കുഞ്ഞൻ : ഒരു താലൂക്കിൽപ്പെട്ട വിവിധ പഞ്ചായത്തുകളിൽ നിന്നും വാഹനനികുതി പല തരത്തിൽ 1961 മുതൽ അധികാരത്തിൽ വന്നിട്ടുള്ള പഞ്ചായത്തുകൾ ഈടാക്കുന്നുവെന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട ഗവണ്മെന്റിലേയ്ക്ക് വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏകീകൃതമായ രീതിയിൽ എല്ലാ പഞ്ചായത്തുകളിൽനിന്നും വാഹനനികുതി ഈടാക്കുന്നതിനുള്ള തത്വം ആവിഷ്കരിക്കുമോ ?

ശ്രീ കെ. എ. ദാമോദര മേനോൻ : ഗവണ്മെന്റിന്റെ ശ്രദ്ധിയിൽ അക്കാര്യം പെട്ടിട്ടില്ല. അതിനെപ്പറ്റി അന്വേഷിക്കാവുന്നതാണ്.

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : ഇപ്പോഴും പുതിയതായി രൂപം കൊണ്ടിട്ടുള്ള പഞ്ചായത്തുകളിൽ വരവു് ഏറ്റവുംകൂടുതലുള്ളതും വരവു് ഏറ്റവും കുറഞ്ഞതും ഉണ്ടു്. അങ്ങനെ ഏറ്റവും കുറഞ്ഞവരവുള്ള പഞ്ചായത്തുകൾ ഇവിടെ ധാരാളം ഉണ്ടു്. അങ്ങനെയുള്ള പഞ്ചായത്തുകൾ നിറുത്തലാക്കിയിട്ടു് അവ മറ്റു പഞ്ചായത്തുകളുമായി യോജിപ്പിച്ചു പ്രവർത്തിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : ഓരോ പഞ്ചായത്തുകളേയും തരംതിരിച്ചിട്ടുള്ളതു് വരവു് ആസ്പദമാക്കിയാണെന്നു പറയുന്നതു് ശരിയാണു്. താനേതന്നെ വരവു കുറഞ്ഞ പഞ്ചായത്തുകൾ നിറുത്തലാക്കുന്നതു് ശരിയായിരിക്കയില്ല. നമ്മുടെ പഞ്ചായത്തുകൾ മറ്റു സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളെക്കാൾ വരവുകൊണ്ടും ജനസംഖ്യകൊണ്ടും മെച്ചപ്പെട്ടതാണു്. ആ നിലയിൽ വരവു കുറഞ്ഞ പഞ്ചായത്തുകൾ നിറുത്തൽ ചെയ്യണമെന്നുള്ള വാദം ശരിയല്ല.

ശ്രീ. കെ. സി. ഏബ്രഹാം : ഈ അടുത്ത കാലത്തായി ചില പുതിയ പഞ്ചായത്തുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്. അവയുടെ വരവു വളരെ കുറഞ്ഞതോതിലാണെന്നുള്ളതു് കണക്കിലെടുത്തുകൊണ്ടു് ഒരു കാലഘട്ടംവരെ അങ്ങനെയുള്ള പഞ്ചായത്തുകൾക്കു് ഗവണ്മെന്റിൽനിന്നും വർദ്ധിച്ച തോതിലുള്ള ഗ്രാന്റു കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : നിലവിലുള്ള കണക്കു് അനുസരിച്ചു് ട്രേറവിന്റെ സാമാന്യത്തോതു് വെച്ചുകൊണ്ടാണു് പഞ്ചായത്തുകളുടെ അംശീകരണം നടത്തിയിട്ടുള്ളതു്. അതു് പൂർണ്ണമായും ശരിയായിരിക്കുമെന്നു് ഞാൻ പറയുന്നില്ല. ഇപ്പോഴത്തെ പുതിയ അന്വേഷണവെച്ചുകൊണ്ടു് പുതിയനികുതി ചുമത്താനും അവ പിരിക്കാനുമുള്ള അധികാരവും അവകാശവും കൊടുത്തിട്ടുണ്ടു്. കൂടുതൽ ഗ്രാന്റു കൊടുക്കുന്ന കാര്യം ഇവയുടെ പ്രവർത്തനങ്ങളെപ്പറ്റി പുനരന്വേഷണത്തിനുശേഷം നിശ്ചയിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ, ടി. സി. നാരായണൻ നമ്പ്യാർ : അതായതു പഞ്ചായത്തുകളിലുള്ള പഞ്ചായത്തു പ്രസിഡൻറുമാക്കു് അതിൻറെ അതിർത്തിക്കുള്ളിൽ പഞ്ചായത്തിൻറെ ആവശ്യത്തിനുവേണ്ടി യാത്ര ചെയ്യണമെങ്കിൽ യാത്രക്കൂലിയൊന്നും കൊടുക്കുന്നില്ല. ഒരു പഞ്ചായത്തിൻറെ ഒരതിർത്തിയിൽനിന്നും മറേറ അതിർത്തിവരെ പോകുന്നതിനു് ചിലപ്പോൾ പന്ത്രണ്ടും പതിനഞ്ചും നാഴികദൂരം വരും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പഞ്ചായത്തു പ്രസിഡണ്ടുമാക്കു് ഔദ്യോഗികമായി യാത്ര ചെയ്യുന്നതിനുള്ള യാത്രക്കൂലി കൊടുക്കുന്നതിനെപ്പററി ആലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : അതിനെപ്പററി ആലോചിക്കാതെ പെട്ടെന്നു് മറുപടി പറയാൻ സാധിക്കുകയില്ല. വളരെ കാര്യമായി പരിശോധിച്ചു് തീരുമാനിക്കേണ്ട ഒരു സംഗതിയാണു് ഇതു്. ഗവണ്മെൻറിനു് ധനപരമായി വലിയ ബാദ്ധ്യതയുണ്ടായെന്നുള്ള കാര്യങ്ങളെപ്പററിയെല്ലാം ആലോചിച്ചതിനുശേഷം എന്തെങ്കിലും ഇക്കാര്യത്തിൽ നിശ്ചയിക്കാവുന്നതാണു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : പഞ്ചായത്തു ഡീലിമിറേറഷനുശേഷം പഞ്ചായത്തുകളുടെ ഗ്രേഡു് തിരിച്ചതിൻറെ ഫലമായി ഉണ്ടായ ഓരോ പഞ്ചായത്തിൻറെയും ഗ്രേഡും സ്വഭാവവും കാണിക്കുന്ന ഒരു ലിസ്റ്റു് തയ്യാറാക്കി ഈ നിയമസഭയിലെ മെമ്പറന്മാക്കും അതായതു പഞ്ചായത്തുകൾക്കും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : ഡീലിമിറേറഷനെ സംബന്ധിച്ചു് വളരെയധികം ചർച്ചകൾ നടത്തിയതിനുശേഷമാണു് ഒരു തീരുമാനം എടുത്തതു നടപടികളും സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : ഡീലിമേറേറഷനുശേഷം പഞ്ചായത്തുകളുടെ ഗ്രേഡു് തിരിച്ചതിനെ സംബന്ധിച്ചിടത്തോളം ഒരു പരിശോധന നടത്തുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : പുതിയ പഞ്ചായത്തുകളും ഡീലിമിറേറഷൻറെ ഫലമായിട്ടുണ്ടായിട്ടുണ്ടു്. അവയുടെ പ്രവർത്തനത്തിൻറെ വെളിച്ചത്തിൽ ഒരു പുനഃപരിശോധന ചെയ്യാൻ തയ്യാറാണു്.

ശ്രീ. ഈ. പി. ഗോപാലൻ : പഞ്ചായത്തു് രാജു് കൂടി നടപ്പിലാക്കിയതിനുശേഷം മാത്രമേ ഇലക്ഷൻ ഡ്യൂട്ടിക്കു് നിയമിച്ചിട്ടുള്ളവക്കു് അലവൻസു് കൊടുക്കുകയുള്ളുയെന്നു് വല്ല തീരുമാനവും ഗവണ്മെൻറിൽനിന്നും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : അങ്ങനെയൊരു തീരുമാനവും എടുത്തിട്ടില്ല. ഇലക്ഷൻ ഡ്യൂട്ടിക്കു് നിയമിച്ചിട്ടുള്ളവക്കു് ക്രമപ്രകാരം അലവൻസു് കൊടുക്കുന്നതാണു്.

ഫൈനാൻഷ്യൽ അസിസ്റ്റൻറുമാരുടെ തസ്തിക.

* 665. [10] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫൈനാൻഷ്യൽ അസിസ്റ്റൻറന്മാരുടെ തസ്തികയിലേക്കു് ആളെ നിയമിക്കുന്ന സംപ്രദായവും അതിൻറെ യോഗ്യതയും എന്തെല്ലാമാണു് ;

(ബി) മലിരാശി ഗവണ്മെൻറിൻറെ സബോർഡിനേറേറഡ് സർവ്വീസു് അക്കൗണ്ടു് ടെസ്റ്റു്, പാർട്ടു് 1 പരീക്ഷ കേരളത്തിലെ അക്കൗണ്ടു് ടെസ്റ്റു് ഹയറിനു തുല്യമായി ഗവണ്മെൻറു് പരിഗണിച്ചു് ഉത്തരവായിട്ടുണ്ടോ ;

(സി) കേരളത്തിലെ അക്കൗണ്ടു് ടെസ്റ്റു് ഹയർ പാസ്സായി ഡിപ്പാർട്ടുമെൻറുകളിൻ അക്കൗണ്ടു് വിഭാഗത്തിൽ ജോലി നോക്കുന്ന ക്ലാർക്കന്മാക്കു് നൽകുന്ന സ്പെഷ്യൽ അലവൻസു് 10 ഉറുപ്പിക അതേ ജോലി നോക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly